പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 323 — 24.02.2016-ൽ മറുപടിക്ക്

## വ്യാപാര സമുച്ചയപദ്ധതി

**ചോദ്യം**

ശ്രീ. സി.പി.മുഹമ്മദ് :
" സണ്ണി ജോസഫ് :
" കെ.എസ്. ശബരീനാഥൻ :
" അൻവർ സാദത്ത് :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ വ്യാപാര സമുച്ചയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | ടിക്കറ്റേതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ശേഷി കഴിയുന്നത്ര കൂട്ടുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.<br>കെ.എസ്.ആർ.ടി.സി.യും കെ.റ്റി.ഡി.എഫ്.സി.യും ചേർന്നുള്ള സംരംഭങ്ങളിൽ ബി.ഒ.റ്റി കാലയളവിൽ വ്യാപാരസമുച്ചയത്തിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതു വഴി ലഭിക്കുന്ന വരുമാനത്തിൽ ചെലവ് കഴിച്ചുള്ള തുകയുടെ 50% കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കുന്നതാണ്. ബി.ഒ.റ്റി കാലാവധി കഴിഞ്ഞാൽ പദ്ധതി പൂർണ്ണമായും കെ.എസ്.ആർ.ടി.സി.ക്ക് കൈമാറുന്നതാണ്. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | G.O (Ms) No. 46/07/Tran dated 05.11.2007, G.O (Ms) No. 5/2010/Tran dated 23.01.2010 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് കെ.റ്റി.ഡി.എഫ്.സി ബസ് ടെർമിനൽ പ്രോജക്ടുകൾ ബി.ഒ.റ്റി അടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടുള്ളത്.<br>കെ.എസ്.ആർ.ടി.സി നേരിട്ട് നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് പ്രാരംഭ പ്രവൃ |

| | | | |
|---|---|---|---|
| | | | ത്തികൾക്കായി പ്ലാൻ ഫണ്ടിൽ ലഭ്യമാകുന്ന ഒരു നിശ്ചിത തുക വകയിരുത്തുകയും ഓരോ പ്രോജക്ടിലും ബാക്കി തുക സമാഹരിക്കുന്നതിനായി വ്യാപാരാവശ്യത്തിന് സ്ഥലം വേണമെന്നുള്ളവരിൽ നിന്നും ടെൻഡർ / ലേലം നടപടികൾ നടത്തി പലിശ രഹിത നിക്ഷേപം സ്വീകരിച്ചും പദ്ധതി നിർവ്വഹണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ